# പതിനാലാം കേരള നിയമസഭ
# (നാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1422 02.03.2017-ൽ മറുപടിയ്ക്ക്**

## മത്സ്യമാർക്കറ്റുകളുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിനായി നിലവിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെ സംസ്ഥാനത്തുടനീളം ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി സ്ഥാപിക്കുന്നു ണ്ട്. ഇതിന്റെ ഭാഗമായി 41 മാർക്കറ്റുകളുടെ നിർമ്മാണത്തിനായി ദേശീയ മത്സ്യ വികസന ബോർഡിന്റെ അംഗീകാരം ലഭിച്ചു. ഇതിൽ 39 മത്സ്യമാർക്കറ്റുകൾക്ക് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടു ണ്ട്. പ്രസ്തുത 41 മത്സ്യമാർക്കറ്റുകൾക്കായി ആകെ 7709.504 ലക്ഷം രൂപ ഭരണാനുമതി ലഭിച്ചതിൽ 6433.007 ലക്ഷം രൂപ ദേശീയ മത്സ്യ വികസന ബോർഡ് വിഹിതവും 1276.497 ലക്ഷം രൂപ സംസ്ഥാന സർക്കാർ വിഹിതവുമാണ്. ഈ മാർക്കറ്റുകളുടെ നിർമ്മാണത്തിനായി ദേശീയ മത്സ്യ വികസന ബോർഡിൽ നിന്നും നാളിതു വരെ 5510.68 ലക്ഷം രൂപയും സംസ്ഥാന സർക്കാരിൽ നിന്നും 1086.47 ലക്ഷം രൂപയും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന് ലഭ്യമായിട്ടു ണ്ട്. മേൽ പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയ 39 മത്സ്യ മാർക്കറ്റുകളിൽ 34 എണ്ണം നിർമ്മാണം പൂർത്തീകരിച്ചു. |
| ബി) കൊല്ലം ജില്ലയിൽപ്പെട്ട പുത്തൂർ മത്സ്യ മാർക്കറ്റിന്റെ നവീകരണത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകാൻ നടപടികൾ സ്വീകരിക്കാമോ? | ബി) കൊല്ലം ജില്ലയിലെ പുത്തൂർ മാർക്കറ്റിന്റെ നവീകരണം 2017-18 വർഷത്തിൽ പരിഗണിക്കുന്നതിനായി കെ.എസ്.സി.എ.ഡി.സി വഴി പദ്ധതി തയ്യാറാക്കിയിട്ടു ണ്ട്. |

സെക്ഷൻ ആഫീസർ